# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 191
# 14/06/2019 ലെ മറുപടിക്ക്

## ലൈബ്രറി കെട്ടിടങ്ങളുടെ നിർമ്മാണ തുക

| ചോദ്യം<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ് | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കാനാവില്ലെന്ന ധനകാര്യവകുപ്പിന്റെ 105/NCB1/2018/Fin.നമ്പർ നിർദ്ദേശത്തിലടങ്ങിയ തീരുമാനം എന്തടിസ്ഥാനത്തിലാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗരേഖയായ 29/12/2017 ലെ സ.ഉ(അ) നം. 161/2017/ധന ഉത്തരവിലെ അനുബന്ധം 1 ഇനം 12 പ്രകാരം പൊതുവായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നിർമ്മാണമാണ് അനുവദനീയമായിട്ടുള്ളത് - പൊതുവായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നിർമ്മാണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാർ/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള വായനശാലകളാണ് എന്ന വ്യാഖ്യാനം സൃഷ്ടിച്ച പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് കേരള ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും കെട്ടിട നിർമ്മാണത്തിന് എം.എൽ.എ യുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക അനുവദിക്കണമെന്ന ആവശ്യം സർക്കാർ വിശദമായി പരിശോധിക്കുകയും ഗ്രന്ഥശാല സംഘങ്ങളുടെ കീഴിലുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ അനുമതി നൽകി 27/05/2019 ലെ സ.ഉ (അച്ചടി) നം. 60/2019/ധന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരം ലൈബ്രറികൾ സംസ്ഥാനത്തെ ഗ്രാമങ്ങളിൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ധനകാര്യവകുപ്പിന്റെ പ്രസ്തുത നിർദ്ദേശം ഇവയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | |
| (സി) | ലൈബ്രറി കെട്ടിടനിർമ്മാണത്തിന് സർക്കാർ സ്ഥലം വേണമെന്ന വ്യവസ്ഥയിൽനിന്നും ഇത്തരം ലൈബ്രറികളെ ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ